ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പരാമർശ വിധേയമായ മരം മുറിക്കുന്നതിന് വനം വകുപ്പിൽ അപേക്ഷകളൊന്നും ലഭിച്ചിരുന്നില്ല.

പുലി ഭീഷണി

266(3088) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് വന്യമൃഗങ്ങൾ പ്രത്യേകിച്ച് പുലികൾ നാട്ടിൻ പ്രദേശങ്ങളിലും കാട് വളരെ അകലെയുള്ള പ്രദേശങ്ങളിലും പ്രത്യക്ഷപ്പെട്ട് ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന സംഭവങ്ങൾ ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ പുലി ഇറങ്ങി ജനങ്ങൾ പരിഭ്രാന്തരായതും തുടർച്ചയായി പുലികളുടെ സാന്നിദ്ധ്യം ഉണ്ടെന്ന റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനംവകുപ്പിന്റെ റാപ്പിഡ് റസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വനപ്രദേശങ്ങളിൽ നിന്നും വളരെ ദൂരത്തുള്ള പ്രദേശങ്ങളിൽ ഇത്തരത്തിൽ പുലികൾ എത്തിപ്പെടുന്നത് എങ്ങനെയാണെന്ന് കണ്ടെത്താൻ വനംവകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ പുലിയടക്കമുള്ള വന്യമൃഗങ്ങൾ ഇറങ്ങി കൃഷിയിടങ്ങൾക്കും കാർഷിക വിളകൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം ജനങ്ങളുടെ ജീവനും ഭീഷണി ഉണ്ടാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കാട്ടിൽനിന്നും വളരെ അകലെയുള്ള പ്രദേശങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മലയാറ്റൂർ ഡിവിഷനിലെ കാലടിയിലെ കണ്ണിമംഗലം പ്രദേശത്ത് കാട്ടിൽനിന്നും വളരെ അകലെയല്ലാതെ ഒരു പുള്ളിപ്പുലി ഇറങ്ങിയ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. കൃഷി ഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും വന്യമൃഗങ്ങൾ ഇറങ്ങി എന്ന് റിപ്പോർട്ട് ലഭിച്ച ഉടൻ ടി സ്ഥലങ്ങളിൽ എത്തിച്ചേരുകയും അവിടത്തെ പ്രാദേശിക ജീവനക്കാരുടെയും വാച്ചർമാരുടെയും വി.എസ്.എസ്./ ഇ.ഡി.സി. അംഗങ്ങളുടെയും സഹായത്തോടെ പ്രതിരോധ നടപടികൾ കൈക്കൊണ്ട് വന്യമൃഗങ്ങൾ തിരികെ കാട്ടിലേക്ക് തന്നെ പോയി എന്ന് ഉറപ്പുവരുത്തുക.

2. കൃഷി നാശം വരുത്തുന്നത് ഒറ്റയാനായ കാട്ടാനയാണെങ്കിൽ അതിനെ തിരികെ കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിനുള്ള ശ്രമം വിഫലമാവുന്ന പക്ഷം ടി കാട്ടാനയെ മയക്കുവെടിവച്ച് തിരികെ കാട്ടിലേക്ക് വിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി ആ പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറുമായി ബന്ധപ്പെട്ട് പോലീസിന്റെ സഹായം തേടുക.

4. എല്ലാ പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകൾ അപ്പപ്പോൾ ലഭ്യമാക്കി മറ്റ് പ്രദേശങ്ങളിലെ ഓഫീസർമാരുമായി ഏകോപനം നടത്തുക.

5. കാട്ടാനകളുടെ ആക്രമണം ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സ്ഥിരമായി പട്രോളിംഗ് നടത്തി ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, കയ്യാലകൾ എന്നിവ പരിശോധിച്ചും പൊതുജനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിച്ചും വേണ്ട മുൻകരുതലുകൾ എടുക്കുക.

(ഡി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാവുസംരക്ഷണ പദ്ധതി

267(3089) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാവു സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) കാവും കുളവും സംരക്ഷിക്കുന്നത് സംബന്ധിച്ച് വനവും പരിസ്ഥിതിയും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly